നം – എൻ2/41560/09/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 9/7/2009

## <u>നോട്ടിഫിക്കേഷൻ</u>

ഭാരത സർക്കാർ 2009–10 വർഷത്തിലേക്ക് 161590 പ്രീ–മെട്രിക് സ്കോളർഷിപ്പ് കേരളത്തിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട (ക്രിസ്ത്യൻ/മുസ്ലീം) 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് അപേക്ഷിക്കുന്നതിന് അർഹതയുള്ളത്.

ഇതനുസരിച്ച് സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് (റെക്കഗ്നൈസ്ഡ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ) സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളായ ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളിൽപ്പെട്ട കുട്ടികളിൽ നിന്നും പ്രീ–മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.

1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ 50% മാർക്കിനു മുകളിൽ കരസ്ഥമാക്കിയിട്ടുള്ളതും (ഒന്നാം ക്ലാസ്സ് ഒഴികെ) രക്ഷകർത്താക്കളുടെ വരുമാനം 1 ലക്ഷം രൂപയിൽ താഴെ മാത്രം ഉള്ളവരുടെ കുട്ടികൾക്കാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് വരുമാനം മാത്രം മാനദണ്ഡമാക്കിയാൽ മതിയാകും. അപേക്ഷയോടൊപ്പം കുട്ടിയുടെ ജാതി, രക്ഷകർത്താവിന്റെ വരുമാനം എന്നിവ തെളിയിക്കുന്ന 10 രൂപയുടെ മുദ്രപ്പത്രത്തിൽ വെവ്വേറെ തയ്യാറാക്കിയ സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ. രക്ഷകർത്താക്കൾ സമർപ്പിക്കുന്ന വരുമാനം സംബന്ധിച്ചുള്ള സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നത് ബന്ധപ്പെട്ട വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് പരിശോധിച്ച് മാത്രമായിരിക്കും. അതിനാൽ രക്ഷകർത്താക്കൾ അവരുടെ ശരിയായ വരുമാനം സംബന്ധിച്ച വിവരങ്ങൾ തന്നെ അപേക്ഷയോടൊപ്പം സമർപ്പിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമായിരിക്കും സ്കോളർഷിപ്പിന് അർഹരായ കുട്ടികളെ കണ്ടെത്തുന്നത്. കുട്ടികൾ ഇതോടൊപ്പം തന്നിട്ടുള്ള അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് എഴുതി തയ്യാറാക്കി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർക്ക് 5–8–2009–ന് മുൻപ് നൽകേണ്ടതാണ്. വൈകി ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഒപ്പ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**